പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4278 03.02.2014 ലെ മറുപടിക്ക്

## സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ എത്ര കോളനികളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 114 കോളനികളിൽ, കൊല്ലം ജില്ലയിലെ നിലയ്ക്കൽ കോളനിയിൽ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്; ബാക്കി കോളനികളിൽ പ്രവൃത്തി പുരോഗമിക്കുന്നു. |
| (ബി) മേൽ പദ്ധതി പ്രകാരം രണ്ടാം ഘട്ടത്തിൽ എത്ര കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (ബി) രണ്ടാം ഘട്ടത്തിൽ 100 കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. നിയോജകമണ്ഡലം അടിസ്ഥാനപ്പെടുത്തിയുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (സി) ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത കോളനികളിൽ പ്രവൃത്തി ആരംഭിക്കാത്ത എത്ര കോളനികൾ ഉണ്ടെന്നും അതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ? | (സി) ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ള കോഴിക്കോട് ജില്ലയിലെ കാട്ടുവയൽ കോളനി, റോഡ്ലെവലിൽ നിന്നും വളരെ താഴ്ന്ന് സ്ഥിതി ചെയ്യുന്നതിനാൽ മണ്ണിട്ട് ഉയർത്തിയാൽ മാത്രമേ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയൂ. ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തി പ്രസ്തുത പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്തതിനാൽ കാട്ടുവയൽ കോളനിയിൽ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**